## പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : 436 — 05. 02. 2014 - ലെ മറുപടിയ്ക്ക്

### വികസനമേഖലയിൽ സ്വകാര്യ പങ്കാളിത്തം

| ചോദ്യം. | | ഉത്തരം |
|---|---|---|
| ശ്രീ. വി.പി.സജീന്ദ്രൻ<br>" ഐ.സി..ബാലകൃഷ്ണൻ<br>" എം.പി..വിൻസെന്റ് | | ശ്രീ.കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി). |
| (എ) വികസന മേഖലയിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പാക്കാൻ ആസൂത്രണ ബോർഡ് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിനായി പൊതു സ്വകാര്യ പങ്കാളിത്തം ഉൾപ്പെടെയുള്ള ബജറ്റിതര ഫണ്ടുകളുടെ സാധ്യത പരിശോധിക്കുന്നതിന് 04.05.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.20/12/Plg പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡിനു കീഴിൽ പ്രൊജക്ട് ഫിനാൻസിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. പരമാവധി നിക്ഷേപം സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി കണ്ടെത്തുന്നതിനും ബജറ്റിതര ധനനിക്ഷേപം കണ്ടെത്തി വിവിധ വകുപ്പുകൾ വഴി പദ്ധതികൾ നടപ്പാക്കുന്നതിനുമാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നത്. |
| (ബി) ഇതിനായി പി.പി.പി. ആക്റ്റിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നലകാമോ; | (ബി) | പി.പി.പി.ആക്ടിനു രൂപം നൽകിയിട്ടില്ല. വിവിധ വ്യവസ്ഥകളടങ്ങിയ കേരള ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബില്ലിന്റെ കരട് സർക്കാർ പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം മേഖലകളിലാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ? | (ഡി) | സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ വികസനം ത്വരിതപ്പെടുത്തുന്നതിനായി പൊതു സ്വകാര്യ പങ്കാളിത്തം ഉൾപ്പെടെയുള്ള ബജറ്റിതര ഫണ്ടുകളുടെ സാധ്യത പരിശോധിക്കുന്നതിന് 04.05.2012 ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം.20/12/Plg പ്രകാരം സംസ്ഥാന ആസൂത്രണ ബോർഡിനു കീഴിൽ പ്രൊജക്ട് ഫിനാൻസിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. പരമാവധി നിക്ഷപം സംസ്ഥാനത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി കണ്ടെത്തുന്നതിനും ബജറ്റിതര ധനനിക്ഷേപം കണ്ടെത്തി വിവിധ വകുപ്പുകൾ വഴി പദ്ധതികൾ നടപ്പാക്കുന്നതിനുമാണ് ഇതുവഴി ലക്ഷ്യം വയ്ക്കുന്നത്. പ്രൊജക്ട്കളുടെ സാങ്കേതികവും ധനപരവുമായ പ്രായോഗികതയും ബജറ്റ് വിഹിതത്തിനുപരിയായുള്ള മുതൽ മുടക്കിനായി പൊതു സ്വകാര്യപങ്കാളിത്തം ഉൾപ്പെടെയുള്ള നിക്ഷേപസാധ്യതകളും പ്രൊജക്ട് ഫിനാൻസിംഗ് സെൽ പരിശോധിച്ചുവരുന്നു. കൂടാതെ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്കും പൊതു സ്വകാര്യപങ്കാളിത്തം സംബന്ധിച്ച അവബോധം നല്കിവരുന്നു. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനമേഖലയിൽ പദ്ധതികൾ നടപ്പിലാക്കേണ്ടി വരുമ്പോൾ അതിനാവശ്യമായ വ്യവസ്ഥകളടങ്ങിയ |

പി.പി.പി.പോളിസിയുടെയും കേരള ഇൻഫ്രാസ്ട്രക്ചർ ഡവലപ്മെന്റ് ബില്ലിന്റെയും കരട് സംസ്ഥാന ആസൂത്രണബോർഡിലെ പ്രൊജക്ട് ഫിനാൻസിംഗ് സെൽ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**